ടി.കെ ഉബൈദ്



സൂറ - 45

# അൽ ജാഥിയഃ

الجاثية

**സൂക്തം 26-28**

▼

അന്ന് വിശ്വാസി-അവിശ്വാസി, ശിഷ്ട-ദുഷ്ട ഭേദമന്യേ എല്ലാവരും അവരവരുടെ കർമപുസ്തകത്തിലേക്ക് വിളിക്കപ്പെടുന്നു. മർത്യരൊക്കെയും ഒന്നൊഴിയാതെ സ്വന്തം കർമപുസ്തകം സ്വീകരിക്കാനും വായിക്കാനും ഭവ്യതയോടെ, വിധേയത്വത്തോടെ മുട്ടുകുത്തി ഇരിക്കുകയോ മുട്ടിലിഴഞ്ഞു വരികയോ ചെയ്യുന്നു.

قُلِ ٱللَّهُ يُحْيِيكُمْ ثُمَّ يُمِيتُكُمْ ثُمَّ يَجْمَعُكُمْ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَا رَيْبَ فِيهِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٦﴾

*26*
*പ്രവാചകൻ അവർക്ക് പറഞ്ഞുകൊടുക്കുക: നിങ്ങളെ ജീവിപ്പിക്കുന്നതും പിന്നെ മരിപ്പിക്കുന്നതും അല്ലാഹുവാണല്ലോ. പിന്നെ അവൻ തന്നെ നിങ്ങളെ ഉയിർത്തെഴുന്നേൽപു നാളിലേക്ക് ഒരുമിച്ചു കൂട്ടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം നിസ്സംശയമാകുന്നു. പക്ഷേ, അധിക ജനവും ആ സത്യം അറിയുന്നില്ല.*

| | |
|---|---|
| (പ്രവാചകൻ അവർക്കു) പറഞ്ഞുകൊടുക്കുക | قُلِ |
| അല്ലാഹു (ആണല്ലോ) നിങ്ങളെ ജീവിപ്പിക്കുന്നു(ന്നതും) പിന്നെ മരിപ്പിക്കുന്നു(ന്നതും) | اللهُ يُحْيِيكُمْ ثُمَّ يُمِيتُكُمْ |
| പിന്നെ അവൻ (തന്നെ) നിങ്ങളെ ഉയിർത്തെഴുന്നേൽപു നാളിലേക്ക് ഒരുമിച്ചുകൂട്ടിക്കൊണ്ടിരിക്കുകയാണ് (എന്ന കാര്യം) | ثُمَّ يَجْمَعُكُمْ إِلَىٰ يَوْمِ الْقِيَامَةِ |
| അതിൽ സംശയമില്ല (നിസ്സംശയമാകുന്നു) | لَا رَيْبَ فِيهِ |
| പക്ഷേ, അധിക ജനവും (ആ സത്യം) അറിയുന്നില്ല | وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ |

ഒടുവിൽ അവിശ്വാസികളെ മൗലിക പ്രധാനമായ സന്ദേശം പ്രബോധനം ചെയ്യാൻ പ്രവാചകനോട് കൽപിക്കുകയാണ്. അല്ലാഹുവാകുന്നു നിങ്ങളെ ജീവിപ്പിക്കുന്നത്. പിന്നീട് അവൻ തന്നെ നിങ്ങളെ മരിപ്പിക്കുന്നു. ഏകദൈവ വിശ്വാസികൾക്കും ബഹുദൈവ വിശ്വാസികൾക്കും, പരലോക വിശ്വാസികൾക്കും പരലോക നിഷേധികൾക്കും ഒന്നും ഇക്കാര്യ

ത്തിൽ തർക്കമില്ല. അതുപോലെ തർക്കിക്കാൻ ഒരു പഴുതുമില്ലാത്ത കാര്യമാണ്, ആദ്യം ജീവിപ്പിക്കുകയും പിന്നെ മരിപ്പിക്കുകയും ചെയ്ത ദൈവത്തിന് മരിച്ചവരെ വീണ്ടും ജീവിപ്പിക്കാനും കഴിയും എന്നത്. ഭൂമിയിൽ ജനിച്ചു മരിച്ചവരെയെല്ലാം ഈ ലോകം അവസാനിച്ച ശേഷം അവൻ ഒന്നിച്ച് ഉയിർത്തെഴുന്നേൽപിക്കുമെന്നതിൽ ഒരു സംശയവും വേണ്ടതില്ല. يَجْمَعُكُمْ إِلَىٰ يَوْمِ الْقِيَامَةِ (അവൻ നിങ്ങളെ ഉയിർത്തെഴുന്നേൽപു നാളിലേക്ക് ഒരുമിച്ചു കൂട്ടുന്നു) എന്ന വാക്യത്തിന്റെ താൽപര്യം, മരിച്ചവരെയെല്ലാം അന്ത്യനാളിൽ ഉയിർത്തെഴുന്നേൽപിക്കാൻ ശേഖരിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ഈ ശേഖരണം ആദ്യം മരിച്ച മനുഷ്യൻ മുതൽ അവസാനത്തെ മനുഷ്യന്റെ മരണം വരെ തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്. ഉയിർത്തെഴുന്നേൽപ്, ജനനവും മരണവും പോലെ ഒറ്റപ്പെട്ട് നടക്കുന്നതല്ല എന്നർഥം. ജീവിച്ചിരിക്കുന്നവർ ആവശ്യപ്പെടുമ്പോൾ ആരെയും ഉയിർത്തെഴുന്നേൽപിക്കുകയില്ല. അങ്ങനെയാണ് ഉയിർത്തെഴുന്നേൽപ് എന്ന് ഖുർആനോ പ്രവാചകനോ പറഞ്ഞിട്ടുമില്ല. നിർഭാഗ്യവശാൽ അധികമാളുകളും ഈ സത്യങ്ങളൊന്നും അറിയാനോ ആലോചിക്കാനോ തയാറാകുന്നില്ല. മരണാനന്തരം ജീവിതമുണ്ടെങ്കിൽ ഞങ്ങളുടെ പൂർവികരൊക്കെ ഉയിർത്തെഴുന്നേറ്റു വരുന്നതു കാണട്ടെ എന്നു ഘോഷിച്ചുകൊണ്ട് അതീവ ഗുരുതരമായ ഒരു യാഥാർഥ്യത്തെ നിഷേധിച്ചു തള്ളുകയാണവർ. അതിന്റെ അനന്തരഫലം എന്തുമാത്രം ഭയാനകവും ദാരുണവുമാണെന്ന് അവരോർക്കുന്നില്ല. ●

**പരലോകവും ഉയിർത്തെഴുന്നേൽപും ഉണ്ടെങ്കിൽ തന്നെ തങ്ങൾ പൂജിച്ചു പ്രസാദിപ്പിച്ചുകൊണ്ടിരിക്കുന്ന ബഹുദൈവങ്ങൾ അവിടെ തങ്ങളെ രക്ഷിക്കുകയും സ്വർഗം നേടിത്തരികയും ചെയ്യുമെന്ന വിചാരം മിഥ്യയാണ്.**

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ يَخْسَرُ ٱلْمُبْطِلُونَ ﴿٢٧﴾

*27*

*ആകാശ ഭൂമികളുടെ ഉടമസ്ഥാധികാരം അല്ലാഹുവിനു മാത്രമാകുന്നു. ഉയിർത്തെഴുന്നേൽപ് സംഭവിക്കുന്ന ആ ഭയാനക നാൾ!! അന്ന് മിഥ്യാ വാദികളൊക്കെയും മഹാ നഷ്ടഗർത്തത്തിൽ പതിക്കുന്നതാകുന്നു.*

| | |
|---|---|
| ആകാശ ഭൂമികളുടെ ഉടമസ്ഥത, അധികാരം അല്ലാഹുവിനു മാത്രമാകുന്നു | وَلِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ |
| ആ നിമിഷം നിൽക്കുന്ന ദിവസം (ഉയിർത്തെഴുന്നേൽപു സംഭവിക്കുന്ന ആ ഭയാനക നാൾ!!) | وَيَوْمَ تَقُومُ السَّاعَةُ |
| അന്ന് | يَوْمَئِذٍ |
| അസത്യവാദികൾ, മിഥ്യാവാദികൾ (ഒക്കെയും മഹാ) നഷ്ട(ഗർത്ത)ത്തിൽ പതിക്കുന്നതാകുന്നു | يَخْسَرُ الْمُبْطِلُونَ |

ഇവിടെ അല്ലാഹുവിന്റെ ഉടമസ്ഥതയും അധികാരവും -مُلْك- പരാമർശിക്കുന്നതിന് രണ്ടു താൽപര്യമുണ്ട്: 1) പ്രപഞ്ചത്തിന്റെ സമ്പൂർണമായ അധികാരവും ഉടമസ്ഥതയുമുള്ള അല്ലാഹുവിന് മരിച്ചവരെ പുനരുജ്ജീവിപ്പിക്കാൻ കഴിയുമോ എന്ന സംശയം തികച്ചും അസ്ഥാനത്താകുന്നു. ആരോ സൃഷ്ടിച്ച് അല്ലാഹുവിന് സമ്മാനിച്ചതല്ല ഈ പ്രപഞ്ചം; അവൻ സ്വയം സൃഷ്ടിച്ച് ഉടമപ്പെടുത്തി ഭരിക്കുന്നതാണ്. അത് മുഴുവനായോ ഓരോ കണികയായോ എപ്പോൾ വേണമെങ്കിലും നശിപ്പിക്കാനും പുനഃസൃഷ്ടിക്കാനുമുള്ള അധികാരവും കഴിവും അവന്നുണ്ട്. എന്നല്ല, ആ കഴിവും അധികാരവും അവന്നു മാത്രമുള്ളതാണ്. 2) പരലോകവും ഉയിർത്തെഴുന്നേൽപും ഉണ്ടെങ്കിൽ തന്നെ

തങ്ങൾ പൂജിച്ചു പ്രസാദിപ്പിച്ചുകൊണ്ടിരിക്കുന്ന ബഹുദൈവങ്ങൾ അവിടെ തങ്ങളെ രക്ഷിക്കുകയും സ്വർഗം നേടിത്തരികയും ചെയ്യുമെന്ന വിചാരം മിഥ്യയാണ്. രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള സർവാധികാരവും അല്ലാഹുവിനു മാത്രമാകുന്നു. ഉയിർത്തെഴുന്നേൽപ് നിലവിൽ വരുന്ന നാളിൽ മരിച്ചവരെ പുനരുജ്ജീവിപ്പിക്കാൻ അല്ലാഹുവിന് കഴിയുമെന്നും ഭൗതിക ലോകത്ത് ആരാധിക്കപ്പെട്ടിരുന്ന ബഹുദൈവങ്ങൾ അവിടെ ആർക്കും ഒരുപകാരവും ചെയ്യാൻ കഴിയാത്ത മിഥ്യകൾ മാത്രമാണെന്നും എല്ലാവർക്കും ബോധ്യപ്പെടുന്നതാണ്. ഉയിർത്തെഴുന്നേൽപ് എന്ന സത്യത്തെ മിഥ്യയാക്കി തള്ളിക്കളഞ്ഞവരൊക്കെ അന്ന് മഹാ നഷ്ടമാകുന്ന നരക ഗർത്തത്തിലകപ്പെടുന്നു. ●

وَتَرَىٰ كُلَّ أُمَّةٍ جَاثِيَةً ۚ كُلُّ أُمَّةٍ تُدْعَىٰ إِلَىٰ كِتَابِهَا ٱلْيَوْمَ تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٢٨﴾

*28*

*അന്ന് എല്ലാ സമുദായവും മുട്ടുകുത്തുന്നതായി നിനക്കു കാണാം. എല്ലാ സമുദായവും സ്വന്തം കർമപുസ്തകത്തിലേക്ക് വിളിക്കപ്പെടുന്നു. വിളംബരമുണ്ടാകുന്നു: നിങ്ങൾ പ്രവർത്തിച്ചിരുന്നതിനൊക്കെയും ഇന്ന് പ്രതിഫലം ലഭിക്കുന്നതാകുന്നു.*

| | |
|---|---|
| (അന്നു) നിനക്കു കാണാം | وَتَرَىٰ |
| എല്ലാ ഓരോ സമുദായത്തെയും | كُلَّ أُمَّةٍ |
| മുട്ടുകുത്തുന്ന(തായി)വർ ആയിട്ട് | جَاثِيَةً |
| എല്ലാ ഓരോ സമുദായവും | كُلُّ أُمَّةٍ |
| വിളിക്കപ്പെടുന്നു | تُدْعَىٰ |
| അവയുടെ (സ്വന്തം) കർമപുസ്തകത്തിലേക്ക് | إِلَىٰ كِتَابِهَا |
| (വിളംബരമുണ്ടാകുന്നു:) ഇന്ന് നിങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നതാകുന്നു | الْيَوْمَ تُجْزَوْنَ |
| നിങ്ങൾ പ്രവർത്തിച്ചിരുന്നതിന് (ഒക്കെയും) | مَا كُنتُمْ تَعْمَلُونَ |

**ഓരോ മനുഷ്യനെയും അവന്റെ നന്മതിന്മകൾ സ്വയം ബോധ്യപ്പെടുത്തിയ ശേഷമാണ് അല്ലാഹു രക്ഷാശിക്ഷകൾ വിധിക്കുന്നത്. ഓരോരുത്തരും ചെയ്ത നന്മയും തിന്മയും അർഹിക്കുന്ന പ്രതിഫലം പൂർണമായി നൽകുന്നു.**

**جُثُوّ** (മുട്ടുകുത്തൽ)ൽ നിന്നുള്ള ക്രിയയായ **جثا** യുടെ കർതൃവചനമാണ് **جَاثِية**. മുട്ടിലിരിക്കുന്നതിനും മുട്ടിലിഴയുന്നതിനും **جَاثِيَة** എന്നു പറയും. അവശതയുടെയും പതിതാവസ്ഥയുടെയും അടിയറവിന്റെയും പ്രകടനമാണിത്. പിൽക്കാലത്ത് രാജാക്കന്മാരുടെ മുമ്പിൽ പ്രജകളും യജമാനന്മാരുടെ മുമ്പിൽ അടിമകളും നേതാക്കളുടെയും ആചാര്യന്മാരുടെയും മുമ്പിൽ സാധാരണക്കാരും മുട്ടുകുത്തുന്ന സമ്പ്രദായമുണ്ടായിരുന്നു. മുട്ടുകുത്തിനിന്ന് പ്രാർഥിക്കുന്ന രീതി ക്രൈസ്തവരിൽ ഇപ്പോഴുമുണ്ട്.

**كُلُّ أُمَّةٍ**- എല്ലാ സമുദായവും- എന്നു പറഞ്ഞതിൽ മനുഷ്യാരംഭം മുതൽ അവസാനം വരെയുള്ള എല്ലാവരും ഉൾപ്പെടുന്നു. ഓരോ സമുദായത്തിന്റെയും പുസ്തകം -**كتابها**- അവരുടെ നല്ലതും ചീത്തയുമായ കർമങ്ങളും വചനങ്ങളും വിചാരങ്ങളുമെല്ലാം രേഖപ്പെടുത്തി സൂ

> **അല്ലാഹുവാകുന്നു നിങ്ങളെ ജീവിപ്പിക്കുന്നത്. പിന്നീട് അവൻ തന്നെ നിങ്ങളെ മരിപ്പിക്കുന്നു. ഏകദൈവ വിശ്വാസികൾക്കും ബഹുദൈവ വിശ്വാസികൾക്കും, പരലോക വിശ്വാസികൾക്കും പരലോക നിഷേധികൾക്കും ഒന്നും ഇക്കാര്യത്തിൽ തർക്കമില്ല.**

ക്ഷിച്ചിട്ടുള്ള കർമപുസ്തകമാണ്. മുൻ സൂക്തം പ്രസ്താവിച്ച ഒന്നിച്ചുള്ള ഉയിർത്തെഴുന്നേൽപിനു ശേഷം നിലവിൽ വരുന്ന വിചാരണാ സഭ ചിത്രീകരിക്കുകയാണിനി ഏതാനും സൂക്തങ്ങൾ.

അന്ന് വിശ്വാസി-അവിശ്വാസി, ശിഷ്ട-ദുഷ്ട ഭേദമന്യേ എല്ലാവരും അവരവരുടെ കർമപുസ്തകത്തിലേക്ക് വിളിക്കപ്പെടുന്നു. മർത്യരൊക്കെയും ഒന്നൊഴിയാതെ സ്വന്തം കർമപുസ്തകം സ്വീകരിക്കാനും വായിക്കാനും ഭവ്യതയോടെ, വിധേയത്വത്തോടെ മുട്ടുകുത്തി ഇരിക്കുകയോ മുട്ടിലിഴഞ്ഞു വരികയോ ചെയ്യുന്നു. ശിഷ്ട ജനത്തിന് വലതു കരത്തിലും ദുഷ്ട ജനത്തിന് ഇടതു കൈയിലുമായിരിക്കും കർമ പുസ്തകം ലഭിക്കുക. ഓരോ വ്യക്തിക്കും തന്റെ കർമ പുസ്തകം സ്വയം വായിച്ച് ബോധ്യപ്പെടുന്നു. വലതു കരത്തിൽ കർമ പുസ്തകം ലഭിച്ചവരുടെ വിചാരണ ലളിതവും സുഗമവുമായിരിക്കും.

**فَأَمَّا مَنْ أُوتِيَ كِتَابَهُ بِيَمِينِهِ . فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا**

(വലതു കരത്തിൽ കർമപുസ്തകം ലഭിച്ചവർ ലഘുവായി മാത്രം വിചാരണ ചെയ്യപ്പെടുന്നു - 84:78). അവർ ആഹ്ലാദത്തോടെ വിളിച്ചുപറയും: **فَيَقُولُ هَاؤُمُ اقْرَءُوا كِتَابِيَهْ** (അവൻ പറയുന്നു: വന്നു വായിച്ചു നോക്കൂ എന്റെ പുസ്തകം -69:19). ഇടതു കൈയിൽ കർമപുസ്തകം ലഭിക്കുന്നവന്റെ ഗതിയോ?

**وَأَمَّا مَنْ أُوتِيَ كِتَابَهُ بِشِمَالِهِ فَيَقُولُ يَا لَيْتَنِي لَمْ أُوتَ كِتَابِيَهْ . وَلَمْ أَدْرِ مَا حِسَابِيَهْ**

''എന്നാൽ കർമപുസ്തകം ഇടതു കരത്തിൽ ലഭിക്കുന്നവനോ, അവൻ വിലപിക്കുന്നു: കഷ്ടം! എനിക്കെന്റെ കർമപുസ്തകം ലഭിക്കാതിരുന്നെങ്കിൽ! എന്റെ കണക്കെന്തെന്നറിയാതിരുന്നെങ്കിൽ (69:25,26). 'ഓരോ മനുഷ്യനെയും അവന്റെ നന്മതിന്മകൾ സ്വയം ബോധ്യപ്പെടുത്തിയ ശേഷമാണ് അല്ലാഹു രക്ഷാശിക്ഷകൾ വിധിക്കുന്നത്. ഓരോരുത്തരും ചെയ്ത നന്മയും തിന്മയും അർഹിക്കുന്ന പ്രതിഫലം പൂർണമായി നൽകുന്നു. ●


BBA, BCA, B.Com (F&T),
B.A Arabic (Model II) & B.A English (Model II)
പ്രവേശനം തുടരുന്നു

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത **അസ്ഹറുൽ ഉലൂം കോളേജ് ഓഫ് ആർട്സ് & സയൻസിൽ** BBA, BCA, B.Com (F&T), B.A Arabic (Model II) & B.A English (Model II) കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മതിയായ രേഖകളുമായി ഓഫീസിൽ നേരിട്ട് വന്ന് പ്രവേശനം നേടാവുന്നതാണ്

**അസ്ഹറുൽ ഉലൂം കോളേജ് ഓഫ് ആർട്സ് & സയൻസ്**
ചാലക്കൽ, ആലുവ - 5 | aucas.aluva@gmail.com

വാഹന സൗകര്യം,
ഹോസ്റ്റൽ സൗകര്യം :
ആൺകുട്ടികൾക്കും
പെൺകുട്ടികൾക്കും

വിശദവിവരങ്ങൾക്ക് : 96450 06151, 90370 09217, 90487 41250